**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണക്രയം : ഐ റ്റി സെൽ പ്രവർത്തനം സംബന്ധിച്ച് കൂടിയ യോഗത്തിന്റെ നടപടിക്രമം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 236/AD A 4/2022/എം.ജി.യു	പ്രിയദർശിനി ഹിൽസ്,തീയതി: 06.01.2022

---

*പരാമർശം:*-1) 04.01.2022 തീയതി വൈസ് ചാൻസലറുടെ ചേംബറിൽ ഐ റ്റി സെൽ പ്രവർത്തനം സംബന്ധിച്ച് കൂടിയ യോഗത്തിന്റെ നടപടിക്രമത്തിന്മേലുള്ള ബഹു. വൈസ് ചാൻസലറുടെ 04.01.2022 ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

14.12.2021 തീയതിൽ കൂടിയ ഐ. റ്റി സെൽ മേൽ നോട്ട സമിതിയുടെ ശുപാർശകൾ ചുവടെ ചേർത്തിരിക്കും വിധം, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 3 സെക്ഷൻ 10 (17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് പരാമർശം (1) പ്രകാരം അംഗീകരിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ഐ. റ്റി സെല്ലിൻറെ കാര്യക്ഷമമായ പ്രവർത്തനത്തിനു നിലവിൽ കരാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സോഫ്റ്റ് വെയർ ഡെവലപ്പർമാർ ഒപ്പിട്ടു സമർപ്പിച്ചിട്ടുള്ള കരാറിലെ വ്യവസ്ഥകളിൽ പരാമർശിച്ചിരിക്കും പ്രകാരമുള്ള ത്രൈമാസ പ്രവർത്തന പുരോഗതി വിലയിരുത്തൽ അടിയന്തിരമായ പൂർത്തീകരിച്ച് യോഗ്യരായ ഡെവലപ്പർമാർക്ക് മാത്രമായി തുടർ നിയോഗം നിജപ്പെടുത്തേണ്ടതാണ്.

2. നിലവിൽ ജോലിയിൽ നിന്നും രാജി സമർപ്പിച്ചവർ ഉൾപ്പെടെയുള്ളവർക്കും നിശ്ചിത പ്രവർത്തന നിലവാരം പുലർത്താത്തവർക്കും പകരമായി മികച്ച കാര്യശേഷിയും അനുഭവ പരിചയവുമുള്ള 'ലീഡ് ഡെവലപ്പർമാരെ' തെരഞ്ഞെടുക്കുന്നതിനുള്ള പ്രത്യേക വിജ്ഞാപനങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കുവാനും ഇത്തരത്തിൽ ലീഡ് ഡെവലപ്പർമാരെ നിയോഗിക്കുന്നത് പ്രൊജക്റ്റ് അടിസ്ഥാനത്തിൽ കുറഞ്ഞ എണ്ണത്തിൽ ആക്കികൊണ്ടും ലീഡ് ഡെവലപ്പർമാരുടെ വേതനം പ്രതിമാസം 50,000/- രൂപയെന്നു നിജപ്പെടുത്തുവാനും തീരുമാനിച്ചു.

3. ലീഡ് ഡെവലപ്പർമാർക്കും നിലവിൽ ജോലി ചെയ്തു വരുന്നവരിൽ യോഗ്യരായ ഡെവലപ്പർമാർക്കുമായി 3 വർഷ കരാർ ഏർപ്പെടുത്തികൊണ്ടും കരാറിനു മുൻപായി വിടുതൽ ആഗ്രഹിക്കുന്നവർ വിടുതൽ ആഗ്രഹിക്കുന്ന ദിവസത്തിനു 90 ദിവസങ്ങൾക്ക് മുൻപ് സർവ്വകലാശാലക്ക് അപേക്ഷ നൽകേണ്ടതും ഇവരുടെ വിടുതൽ ഐ. റ്റി മേൽനോട്ട സമിതി ശുപാർശയുടെ അടിസ്ഥാനത്തിലാക്കുവാനും നിർദ്ദിഷ്ട നോട്ടീസ് സമയത്തിനു മുൻപ് വിടുതൽ ആഗ്രഹിക്കുന്നവരെ സർവ്വകലാശാല ഐ. റ്റി മോൽനോട്ട സമിതി നിശ്ചയിക്കുന്ന നഷ്ടപരിഹാര തുക ഈടാക്കി ആവശ്യമെങ്കിൽ വിടുതൽ ചെയ്യാമെന്നുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

Draft #1 of File 2368/AD A4-3/2022/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 06-Jan-2022 03:38 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. നിലവിൽ സേവനത്തിലുള്ള ഡെവലപ്പർമാർക്കും തുടർന്ന് തെരഞ്ഞെടുക്കുന്ന ലീഡ് ഡെവലപ്പർമാർക്കും അവരുടെ പ്രകടത്തിൻറെ അടിസ്ഥാനത്തിൽ നിലവിലെ ശമ്പളത്തിൻറെ പരമാവധി 10% ത്തിൽ കവിയാത്ത തുക വാർഷിക ഇൻക്രിമെൻറായി അനുവദിക്കാൻ തീരുമാനിച്ചു. ഇതിനായുള്ള ശുപാർശ ഐ.റ്റി. മേൽനോട്ട സമിതി യഥാസമയം നൽകേണ്ടതാണ്.

5. കാര്യക്ഷമതയും സംഘവിധാനത്തോടുള്ള വിധേയത്വവും ഉറപ്പ് വരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിശ്ചിത മാതൃകയിലുള്ള ബോണ്ട് ഏർപ്പെടുത്തുവാനും വിദ്യാഭ്യാസ യോഗ്യത സംബന്ധമായ അസൽ രേഖകൾ കരാർ കാലാവധി പൂർത്തീകരിക്കുന്നത് വരെ സർവ്വകലാശാലയിൽ സൂക്ഷിക്കുന്നതിനും തീരുമാനിച്ചു.

6. വ്യത്യസ്ത പ്രൊജക്ടുകളിലേക്ക് ടീം ഡെവലപ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി സമർപ്പിച്ച സാങ്കേതിക മാനദണ്ഡങ്ങൾ അംഗീകരിക്കുന്നതിനു തീരുമാനിച്ചു.

7. ഐ.റ്റി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള /നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് കരാർ പ്രകാരം അനുവദനീയമായ ആകസ്മിക അവധിക്കു പുറമേ ശൂന്യവേതനാവധികൾ അനുവദിക്കുന്നതിനായി മുൻകൂർ അനുമതി നിർബന്ധമാക്കുവാനും ഇതിനായി സ്ഥിരം ജീവനക്കാർക്ക് ശൂന്യ വേതനാവധി അനുവദിക്കുന്നതിനായുള്ള നിബന്ധനകൾ പ്രാവർത്തികമാക്കുവാനും തീരുമാനിച്ചു. ഒരു മാസത്തിൽ 3 ശൂന്യവേതനാവധികളിൽ കൂടുതൽ തക്കതായ കാരണങ്ങളില്ലാതെ അനുവദിക്കുന്നതല്ല.

8. സിൻഡിക്കേറ്റിൻറെ തീരുമാന പ്രകാരം ഐ.റ്റി സെൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ സിറ്റാഡ് സെക്ഷനെ ഐ.റ്റി സെൽ എന്നു പുനർനാമകരണം ചെയ്യുവാനും ഐ.റ്റി സെൽ സെക്ഷനിലേക്ക് നിലവിലുള്ള അസിസ്റ്റൻറ്മാരെ കൂടാതെ 2 അസിസ്റ്റൻറുമാരെ കൂടി നിയോഗിക്കുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ, പ്രൊ- വൈസ് ചാൻസിലർ എന്നിവരുടെ പി.എസ്- മാർ
2. രജിസ്ട്രാർ, സി.ഇ, എഫ്.ഒ എന്നിവരുടെ പി.എ- മാർ
3. എ.ആർ-1, ഡി.ആർ-1, ജെ.ആർ-1 (ഭരണവിഭാഗം)
4. എഡി.ഡി/ഓഡിറ്റ് 1/ജനറൽ ക്യാഷ് 1
5. സിറ്റാഡ്/സിറ്റെക്സ്/ഐ.ക്യൂ.എ.സി /ഐ. റ്റി. സെൽ
6. സി.എം.എസ്/റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 2368/AD A4-3/2022/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 06-Jan-2022 03:38 PM - Page 2